## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2386 — 20.06.2012-ൽ മറുപടിക്ക്

### വേതന സുരക്ഷാ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ.പ്രതാപൻ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ .കെ.അച്ചുതൻ | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) ഉണ്ട്.<br>തൊഴിലാളികൾക്ക് വേതനം ബാങ്ക് മുഖേന നൽകുകയും വേതനം നൽകുന്നതിനോടൊപ്പം ഉടമകൾ ബാങ്കിന് നൽകുന്ന സ്റ്റേറ്റ്മെന്റ് പരിശോധനാ ഉദ്യോഗസ്ഥർക്ക് പരിശോധിച്ച് മിനിമം വേതനമാണ് തൊഴിലാളികൾക്ക് ലഭിക്കുന്നതെന്ന് ഉറപ്പാക്കുവാനും കഴിയുന്ന സംവിധാനമാണ് വേതന സുരക്ഷാ പദ്ധതി. തൊഴിലാളികൾക്ക് വേതനം എ.ടി.എം. കൗണ്ടർ മുഖേന പിൻവലിക്കാനും സാധിക്കും. |
| (ബി) ഏതെല്ലാം മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്; | (ബി) ഐ.ടി.മേഖല, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, ടെക്സ്റ്റയിൽസ് സ്ഥാപനങ്ങൾ, ജുവല്ലറികൾ, സ്വകാര്യ ആശുപത്രികൾ, സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, നിർമ്മാണ മേഖല തുടങ്ങിയ മേഖലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്. |
| (സി) വേതനം ബാങ്കുകൾ വഴി വിതരണംചെയ്യാനുള്ളസൗകര്യം പദ്ധതിയിൽ ഉൾപ്പെടുത്തുമോ; വ്യക്തമാക്കാമോ? | (സി) വേതനം ബാങ്ക് മുഖേനയോ ചെക്കു മുഖേനയോ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ